13-ാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2235 | 18.06.2013-ൽ മറുപടിയ്ക്ക്

# പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എളമരം കരീം | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 8 പൊതുമേഖലാസ്ഥാപനങ്ങളാണ് പൂട്ടി കിടക്കുന്നത്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും ആധുനിക വൽക്കരിക്കുന്നതിനും നയം ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഇത് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (ബി) | വ്യവസായവകുപ്പിന്റെ അധീനതയിൽ പ്രവർത്തനം നിർത്തലാക്കി ലിക്വിഡേഷൻ പ്രവർത്തനങ്ങൾ നടന്നു വരുന്ന സ്ഥാപനങ്ങളുടെ സ്ഥലവും കെട്ടിടങ്ങളും മറ്റ് ആസ്തികളും സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുകയും അതനുസരിച്ചുള്ള നടപടികളുമാണ് സ്വീകരിച്ചുവരുന്നത്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

- Keltron Counters Ltdന്റെ സ്ഥലവും സൗകര്യങ്ങളും Gulati Institute of Finance & Taxation (GIFT) എന്ന സർക്കാർ സ്ഥാപനത്തിന് കൈമാറി. ഈ കമ്പനിയിൽ ഉണ്ടായിരുന്ന ജീവനക്കാരെ കെൽട്രോണിന്റെ യൂണിറ്റുകളിൽ നിയമിച്ചിട്ടുണ്ട്.

- Keltron Power Devices Ltd ന്റെയും Keltron Rectifiers Ltd ന്റെയും ആസ്തികളും ബാദ്ധ്യതകളും വികസനപ്രവർത്തനങ്ങൾക്കായി ഹോൾഡിംഗ് കമ്പനിയായ KSEDC ഏറ്റെടുക്കുന്നതിന് G.O.(Ms) No.165/08/ID dated 22/10/2008 പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

- Kerala State Detergents & Chemicals Ltd ന്റെ അടിസ്ഥാന സൗകര്യങ്ങൾ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി KINFRA യ്ക്ക് കൈമാറിയിട്ടുണ്ട്.

- കാസർഗോഡ് ജില്ലയിലെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള Astral Watches Ltd എന്ന കമ്പനിയുടെ പൂർണ്ണ 100% ഷെയർ ഹോൾഡറായ KSIDC യെ വ്യാവസായിക വികസനത്തിനായി ഏൽപ്പിച്ചിരിക്കുകയാണ്.

- Kerala Garments Ltd - GO (MS) No.15/2011/ID dated 18/1/2011 Kerala Garments Ltd ന്റെ ആസ്തികളും ബാദ്ധ്യതകളും HANVEEV-ന് കൈമാറാൻ തീരുമാനമായിട്ടുണ്ട്.

- Kerala Special Refractories Ltd ന്റെ സ്ഥലങ്ങൾ Co-operative Academy of Professional Education (CAPE) നും National Coir Research & Management Institute (erstwhile C-Doct) നും കൈമാറിയിട്ടുണ്ട്. ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. (25 Acre to CAPE & 5 Acre to C-Doct.

- പ്രവർത്തനം നിലച്ച Sidkel Television Ltd-നെ ലിക്വിഡേറ്റ് ചെയ്യുന്നതിനായി SIDCO-യും KELTRON-നും നടപടികൾ സ്വീകരിച്ചുവരുന്നു.

(signature)
സെക്ഷൻ ഓഫീസർ